# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2128** **07.03.2017-ൽ മറുപടിക്ക്**

**കാൻസർ രോഗികളുടെ വർദ്ധന**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ച് വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ആർ.സി.സിയിൽ ഓരോ വർഷവും പുതുതായി രജിസ്റ്റർ ചെയ്യുന്ന രോഗികളുടെ കണക്കനുസരിച്ച് കാൻസർ ബാധിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | എങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് സംസ്ഥാന ആരോഗ്യവകുപ്പ് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി) | ഭക്ഷണ രീതിയിലും, വ്യായാമത്തിലും, ലഹരി വസ്തുക്കളോടുമുള്ള ആസക്തിയിലും വന്ന ശൈലി മാറ്റമാണ് കാൻസറും മറ്റ് ജീവിതശൈലി രോഗങ്ങളും സംസ്ഥാനത്ത് വർദ്ധിക്കുന്നതിന് കാരണമായി കണക്കാക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പോ; ആരോഗ്യ വകുപ്പോ, ആർ.സി.സിയോ ഇത് സംബന്ധമായ പ്രത്യേക പഠനങ്ങളൊന്നും തന്നെ നടത്തിയിട്ടില്ല. |
| സി) | പ്രസ്തുത രോഗം തുടക്കത്തിലേ കണ്ടെത്തിയാൽ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാം എന്നതിനാൽ സർക്കാർ ആശുപത്രികളിൽ പ്രത്യേകിച്ച് സി.എച്ച്.സി. തലം മുതലെങ്കിലും രോഗനിർണ്ണയം നടത്തുന്നതിന് ആവശ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | സി) & ഡി) | കാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ സാമ്പത്തിക വർഷവും ഗ്രാമതലം വരെ ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തി വരുന്നു. എല്ലാ ജില്ലയിലും ഒരു ആശുപത്രിയിലെങ്കിലും കാൻസർ ചികിത്സാ സംവിധാനം ഒരുക്കുന്നതിന് ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ സേവനം കൂടുതൽ ആശുപത്രികളിലേക്ക് വ്യാപിപ്പിക്കുന്നതോടുകൂടി കാൻസർ രോഗം തുടക്കത്തിലെ തന്നെ കണ്ടെത്താൻ സാധിക്കുന്നതാണ്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിൽ മെഡിക്കൽ കോളേജുകളിൽ ബോധവൽക്കരണ ക്ലാസ്സുകളും രോഗനിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നു. കൂടാതെ രോഗനിർണ്ണയവും, ചികിത്സയും കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 5 മെഡിക്കൽ കോളേജുകളിലെ കാൻസർ വിഭാഗത്തിൽ സർജിക്കൽ ഓങ്കോളജി, മെഡിക്കൽ ഓങ്കോളജി, ഓങ്കോ പതോളജി എന്നിവ ആരംഭിക്കുന്നതിന് 50 ഡോക്ടർമാർ അടക്കം 105 തസ്തിക പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ചിട്ടയായ വ്യായാമം ആരോഗ്യപരമായ ഭക്ഷണം ലഹരിവിമുക്തി എന്നിവയെക്കുറിച്ചുള്ള ബോധവത്ക്കരണം സ്കൂൾ തലം മുതൽ വിവിധ ജനവിഭാഗങ്ങൾക്ക് നൽകി വരുന്നു. ഭക്ഷണത്തിലെ മായം, വിഷലിപ്തമായ പച്ചക്കറി എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണവും ആരോഗ്യ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. |
| ഡി) | ഇപ്പോഴത്തെ വിഷലിപ്തമായ ഭക്ഷ്യവസ്തുക്കളും ജീവിതശൈലിയുമാണ് പ്രസ്തുത രോഗം പടരാൻ കാരണമെന്നതിനാൽ ആയത് പരിഹരിക്കുന്നതിന് കൂടി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ